# PSC Laboratory Technical Assistant (Livestock Management-poultry Husbandry) in VHSE Examination Previous Year Question Paper

*Exam Name: Laboratory Technical Assistant (Livestock Management-poultry Husbandry) in VHSE*

*Question Paper Code: 131/2014*

*Medium of Questions: Malayalam*

# 131/2014 - M

1. ഇന്ത്യയുടെ പരമോന്നത കായിക പുരസ്കാരം ഏതാണ് ?
   (A) അർജ്ജുന അവാർഡ് (B) ദ്രോണാചാര്യ അവാർഡ്
   (C) രാജീവ് ഗാന്ധി ഖേൽ രത്ന (D) ജി.വി. രാജ പുരസ്കാരം

2. ലോക വയോജന ദിനം :
   (A) ജൂൺ 5 (B) ജൂലൈ 11 (C) ഒക്ടോബർ 1 (D) ഡിസംബർ 10

3. 2013 -ൽ ആംനെസ്റ്റി ഇന്റർനാഷണലിന്റെ "മനസ്സാക്ഷിയുടെ അംബാസഡർ" പദവി ലഭിച്ചത് ആർക്ക് ?
   (A) ദുർഗ്ഗ ശക്തി നാഗ്പാൽ (B) മലാല യൂസഫ് സായി
   (C) തസ്ലീമ നസ്റിൻ (D) കിരൺ ബേദി

4. ഇന്ത്യയുടെ ദീർഘദൂര ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ :
   (A) ജിസാറ്റ് - 7 (B) ബി - 17 (C) റിസാറ്റ് - 1 (D) അഗ്നി - 5

5. 150 ദിവസം കൊണ്ട് പായ്ക്കപ്പലിൽ ലോകം ചുറ്റി റെക്കോർഡിട്ട മലയാളി :
   (A) ടോം ജോസഫ് (B) അഭിലാഷ് ടോമി (C) ടിന്റു ലൂക്ക (D) ടോമിൻ തച്ചങ്കരി

6. റിസർവ്വ് ബാങ്കിന്റെ ഇപ്പോഴത്തെ ഗവർണ്ണർ :
   (A) രഘുറാം രാജൻ (B) ബിമൽ ജലാൻ (C) സുബ്ബ റാവു (D) അമർത്യാ സെൻ

7. 2013 -ലെ ബുക്കർ പുരസ്കാരത്തിന് അർഹമായതാര് ?
   (A) ആലീസ് മൺറോ (B) എലീനർ കാറ്റൺ
   (C) ഹിലാരി മാന്റൽ (D) അരുന്ധതി റോയ്

8. മലയാള ഭാഷക്കായി രൂപം കൊണ്ട സർവ്വകലാശാലയുടെ ആസ്ഥാനം :
   (A) ബേപ്പൂർ (B) നിലമ്പൂർ (C) കരിപ്പൂർ (D) തിരൂർ

9. 162 വർഷത്തെ സേവന പാരമ്പര്യമുള്ള ടെലഗ്രാഫ് തപാൽ വകുപ്പ് നിർത്തലാക്കിയത് എന്ന് ?
   (A) 2013 മെയ് - 15 (B) 2013 ജൂൺ - 15
   (C) 2013 ജൂലൈ - 15 (D) 2013 ആഗസ്റ്റ് - 15

10. 15 -ാം ലോകസഭയിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗം :
(A) അഗത സാങ്മ (B) രമ്യ (C) സുപ്രിയ സുലെ (D) അനു തണ്ഡൻ

11. കോമൺവെൽത്ത് രാഷ്ട്രത്തലവന്മാരുടെ രണ്ടു വർഷത്തിലൊരിക്കൽ നടക്കുന്ന ഉച്ചകോടി ഏത് ?
(A) ചോഗം (B) ഒപെക് (C) ആസിയാൻ (D) സാർക്ക്

12. പശ്ചിമഘട്ട പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് പഠിച്ച മാധവ് ഗാഡ്ഗിൽ സമിതിയുടെ റിപ്പോർട്ട് പരിശോധിക്കാനായി നിയോഗിക്കപ്പെട്ട പത്തംഗ സമിതിയുടെ അധ്യക്ഷൻ :
(A) ജസ്റ്റിസ് വർമ്മ (B) മോത്തിലാൽ വോറ
(C) കെ. കസ്തൂരി രംഗൻ (D) ദിനേശ് ഗോസാമി

13. 2013 -ൽ സമാധാനത്തിനുള്ള നോബേൽ സമ്മാനത്തിന് അർഹമായ സംഘടന :
(A) യൂറോപ്യൻ യൂണിയൻ (B) OPCW
(C) P.L.O (D) U.N.O

14. ഇന്ത്യയുടെ പ്രഥമ ചൊവ്വാ പര്യവേഷണ പേടകം :
(A) ക്യൂരിയോസിറ്റി (B) വോയേജർ (C) ചന്ദ്രയാൻ (D) മംഗൾയാൻ

15. ഏകദിന ക്രിക്കറ്റിൽ ഇരട്ട സെഞ്ചുറി നേടിയ മൂന്നാമത്തെ ഇന്ത്യൻ ക്രിക്കറ്റ് താരം :
(A) M.S ധോണി (B) രോഹിത് ശർമ (C) ഗൗതം ഗംഭീർ (D) വിരാട് കോഹ്‌ലി

16. 'മണലെഴുത്ത്' എന്ന കൃതിക്ക് 'സരസ്വതി സമ്മാനം' ലഭിച്ചത് ആർക്കാണ് ?
(A) എം. ലീലാവതി (B) ടി. പത്മനാഭൻ
(C) സുഗതകുമാരി (D) ആറ്റൂർ രവിവർമ്മ

17. രാജ്യത്തെ ആദ്യ ശിൽപ നഗരമായി പ്രഖ്യാപിതമായ സ്ഥലം :
(A) കോഴിക്കോട് (B) കണ്ണൂർ (C) പാലക്കാട് (D) തിരുവനന്തപുരം

18. "നിങ്ങളെന്നെ കോൺഗ്രസ്സാക്കി" എന്ന പുസ്തകം എഴുതിയതാര് ?
(A) ശെൽവരാജ് (B) എം.ആർ. മുരളി
(C) എ.പി. അബ്ദുള്ളക്കുട്ടി (D) കെ. മുരളീധരൻ

19. സ്ത്രീ ബാല പീഡന കേസുകൾ വിചാരണ ചെയ്യാൻ രാജ്യത്തെ ആദ്യ ഫാസ്റ്റ് ട്രാക്ക് കോടതി തുടങ്ങിയത് :
(A) കൊച്ചി (B) ബോംബെ (C) പാറ്റ്ന (D) അലഹബാദ്

20. കമ്പ്യൂട്ടർ മൗസിന് രൂപം നൽകിയതാര് ?
(A) ഡഗ്ലസ് എൻഗൽ ബർട്ട് (B) ചാൾസ് ബാബേജ്
(C) കാൾ കൂപ്പർ (D) ഹംഫ്രി ഡേവി

21. ഗിർ നാഷണൽ പാർക്ക് ഏത് സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്നു ?
(A) ഉത്തരാഞ്ചൽ (B) ഗുജറാത്ത് (C) മഹാരാഷ്ട്ര (D) മദ്ധ്യപ്രദേശ്

22. 'ആം ആദ്മി പാർട്ടി' സ്ഥാപിച്ചത് ആരാണ് ?
(A) ബാബാ രാംദേവ് (B) അന്നാ ഹസാരെ
(C) നരേന്ദ്ര മോഡി (D) അരവിന്ദ് കെജ്രിവാൾ

23. താഴെ പറയുന്നവയിൽ ഏതാണ് ദൂരദർശന്റെ മുദ്രാവാക്യം ?
(A) സത്യമേവ ജയതേ (B) സത്യം ശിവം സുന്ദരം
(C) നിർമ്മായ കർമ്മണാ ശ്രീ (D) അഹോരാത്രം ജാഗ്രത

24. 'നർമ്മദ ബച്ചാവോ ആന്ദോള'നവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രവർത്തക :
(A) വന്ദന ശിവ (B) ആനന്ദി ശരൺ (C) മേധാ പാട്കർ (D) അരുന്ധതി റോയ്

25. 'ദാസി ആട്ടം' എന്നറിയപ്പെടുന്ന തെക്കേ ഇന്ത്യൻ ശാസ്ത്രീയ നൃത്തം :
(A) ഭരതനാട്യം (B) മോഹിനിയാട്ടം (C) കുച്ചിപ്പുടി (D) കുറവഞ്ചി

26. താഴെ പറയുന്നവയിൽ ഏറ്റവും കൂടുതൽ ശതമാനം ജലസേചനം ആവശ്യമുള്ളത് ഏത് കൃഷി ചെയ്യുന്നതിനാണ് ?
(A) നെല്ല് (B) ഗോതമ്പ് (C) കരിമ്പ് (D) തേയില

27. ഇന്ത്യയിലെ ആദ്യത്തെ ജംബോ പാസഞ്ചർ ട്രെയിൻ ഏത് ?
(A) ഡെക്കാൻ ക്വീൻ (B) ഫെയറി ക്വീൻ
(C) ഹിമസാഗർ എക്സ്പ്രസ്സ് (D) തമിഴ്നാട് എക്സ്പ്രസ്സ്

28. 'ഉനിഷെ ഏപ്രിൽ' എന്ന സിനിമ ഇവരിൽ ആരുമായി ബന്ധപ്പെട്ടിരിക്കുന്നു ?
(A) സത്യജിത്ത് റേ (B) മനോജ് നൈറ്റ് ശ്യാമളൻ
(C) ഋതുപർണ്ണ ഘോഷ് (D) ശ്യാം ബെനഗൽ

29. 'ലേഡി ഓഫ് ഇന്ത്യൻ സിനിമ' എന്നറിയപ്പെടുന്നത് :
(A) നർഗ്ഗീസ് ദത്ത് (B) ഹേമമാലിനി
(C) ദേവികാ റാണി (D) ഷബാന ആസ്മി

30. ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷൻ നിലവിൽ വന്നതെന്ന് ?
(A) 1954 (B) 1968 (C) 1970 (D) 1975

31. ഇന്ത്യയുടെ സാമ്പത്തിക വർഷം ആരംഭിക്കുന്നത് :
(A) ജനുവരി - 1 (B) ഏപ്രിൽ - 1
(C) സെപ്റ്റംബർ - 30 (D) മാർച്ച് - 31

32. ഇന്ത്യൻ ആസൂത്രണത്തിന്റെ പിതാവ് :
(A) എം. വിശ്വേശ്വരയ്യ (B) ജവഹർലാൽ നെഹ്റു
(C) ദാദാഭായ് നവറോജി (D) ആർ.കെ. ഷൺമുഖം ചെട്ടി

33. ഭോപാൽ ഗ്യാസ് ദുരന്ത സമയത്ത് യൂണിയൻ കാർബൈഡ് കോർപ്പറേറ്റിന്റെ ചെയർമാൻ ആരായിരുന്നു ?
(A) വാറൺ ആൻഡേഴ്സൺ (B) പെരി ആൻഡേഴ്സൺ
(C) നിക്ക് ക്ലെഗ്ഗ് (D) വാറൺ ഹേസ്റ്റിങ്സ്

34. ദിശ സൂചിപ്പിക്കാനുപയോഗിക്കുന്ന ഉപകരണമേത് ?
(A) ടെലസ്കോപ്പ് (B) ബാരോമീറ്റർ (C) കോമ്പസ് (D) ആസ്ട്രോലബേ

35. ശാസ്ത്ര പ്രചരണത്തിന് യുണെസ്കോ ഏർപ്പെടുത്തിയിരുക്കുന്ന ബഹുമതി :
(A) ഭട്നഗർ അവാർഡ് (B) നയുദാമ അവാർഡ്
(C) കലിംഗ സമ്മാനം (D) കാളിദാസ് സമ്മാനം

36. ഇന്ത്യൻ പീനൽ കോഡിന്റെ ശില്പി :
(A) റിപ്പൺ പ്രഭു (B) മായോ പ്രഭു
(C) കോൺവാലിസ് പ്രഭു (D) മെക്കാളെ പ്രഭു

37. ഫ്രഞ്ചു വിപ്ലവത്തിന്റെ ശിശു എന്നറിയപ്പെടുന്നതാര് ?
(A) ഹിറ്റ്ലർ (B) നെപ്പോളിയൻ (C) ലെനിൻ (D) മുസ്സോളിനി

38. 'ഹരിത വിപ്ലവത്തിന്റെ പിതാവ് ' എന്നറിയപ്പെടുന്നത് ?
(A) വർഗ്ഗീസ് കുര്യൻ (B) ആൽഫ്രഡ് നോബേൽ
(C) നോർമൻ ബോർലാഗ് (D) പീറ്റർ ബെയർ

39. വൈദ്യുത ബൾബിന്റെ പിതാവ് :
(A) തോമസ് ആൽവാ എഡിസൺ (B) മൈക്കിൾ ഫാരഡെ
(C) ലിനസ് പോളിങ് (D) ജെയിംസ് വാട്ട്

40. ജടായുപ്പാറ ഏത് ജില്ലയിൽ സ്ഥിതി ചെയ്യുന്നു ?
(A) തിരുവനന്തപുരം (B) കൊല്ലം (C) പത്തനംതിട്ട (D) ഇടുക്കി

41. 'കുന്ദലത' എന്ന നോവൽ എഴുതിയതാര് ?
(A) സി.വി. രാമൻപിള്ള (B) ഒ. ചന്തുമേനോൻ
(C) എം. മുകുന്ദൻ (D) അപ്പു നെടുങ്ങാടി

42. അവർണ്ണ സ്ത്രീകൾക്ക് വസ്ത്രധാരണത്തിനും സ്വർണ്ണാഭരണം അണിയുന്നതിനും ഉള്ള അവകാശത്തിനായി സമരം നടത്തിയത് :
(A) കുറുമ്പൻ ദൈവത്താർ
(B) വേലുക്കുട്ടി അരയൻ
(C) ആറാട്ടുപുഴ വേലായുധ പണിക്കർ
(D) കുഞ്ഞിരാമൻ നായനാർ

43. ഷൺമുഖദാസൻ എന്ന പേരിലറിയപ്പെടുന്ന സാമുദായിക പരിഷ്ക്കർത്താവ് :
(A) ബ്രഹ്മാനന്ദ ശിവയോഗി (B) ചട്ടമ്പി സ്വാമികൾ
(C) മന്നത്ത് പത്മനാഭൻ (D) വൈകുണ്ഠ സ്വാമികൾ

44. കേരളീയ നവോത്ഥാനത്തിന്റെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന സാമൂഹിക പരിഷ്കർത്താവ് :
(A) ശ്രീനാരായണ ഗുരു (B) സ്വാമി വിവേകാനന്ദൻ
(C) കുമാരനാശാൻ (D) സഹോദരൻ അയ്യപ്പൻ

45. കല്യാണ ദായിനി സഭ സ്ഥാപിച്ചതാര് ?
(A) ചന്ദ്രോത്ത് കുഞ്ഞിരാമൻ നായർ (B) സി.വി. കുഞ്ഞിരാമൻ
(C) പണ്ഡിറ്റ് കെ.പി. കറുപ്പൻ (D) അമ്പാട്ട് ശിവരാമൻ മേനോൻ

46. 'ഋതുമതി' എന്ന നാടകം രചിച്ചതാര് ?
(A) M.R. ഭട്ടത്തിരി (B) V.T. ഭട്ടത്തിരി (C) ഉണ്ണി നമ്പൂതിരി (D) പ്രേം ജി

47. കേരളത്തിലെ 'മാഗ്നാകാർട്ട' എന്ന് വിശേഷിക്കപ്പെടുന്ന സംഭവം :
(A) നിവർത്തന പ്രക്ഷോഭം (B) ക്ഷേത്ര പ്രവേശന വിളംബരം
(C) വൈക്കം സത്യാഗ്രഹം (D) പുന്നപ്ര വയലാർ സമരം

48. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് 'വൈക്കം വീരാർ' എന്നറിയപ്പെട്ട തമിഴ്നാട്ടിലെ നേതാവ് :
(A) സുബ്രഹ്മണ്യ ഭാരതി (B) ഇ.വി. രാമസ്വാമി നായ്ക്കർ
(C) ചെമ്പകരാമൻ പിള്ള (D) വൈകുണ്ഠ സ്വാമികൾ

49. 'വരിക വരിക സഹജരെ __________' എന്ന ഗാനം എഴുതിയതാര് ?
(A) കുമാരനാശാൻ (B) വള്ളത്തോൾ
(C) ഉള്ളൂർ (D) അംശി നാരായണ പിള്ള

50. താഴെ പറയുന്നവരിൽ ആരാണ് ദണ്ഡിയാത്രയിൽ ഗാന്ധിജിയോടൊപ്പം പങ്കെടുത്തത് ?
(A) സി. കൃഷ്ണൻ നായർ (B) കെ. കേളപ്പൻ
(C) സി. വി. കുഞ്ഞിരാമൻ നായർ (D) ഇവരാരുമല്ല

51. 'പാവങ്ങളുടെ പടത്തലവൻ' എന്നറിയപ്പെട്ടിരുന്ന കേരളത്തിലെ രാഷ്ട്രീയ നേതാവ് :
(A) ആർ. സുഗതൻ (B) പി.കെ. ബാവ
(C) എ.കെ. ഗോപാലൻ (D) ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്

52. താഴെ പറയുന്നവയിൽ ഏത് സംഘടനയാണ് നമ്പൂതിരി സമുദായത്തിന്റെ ഉന്നമനത്തിനായി നിലവിൽ വന്നത് ?

(A) തത്വബോധിനി സഭ (B) യോഗ ക്ഷേമ സഭ

(C) ജ്ഞാനോദയം സഭ (D) മലയാളി സഭ

53. കോട്ടയത്തെ C.M.S പ്രസ്സ് സ്ഥാപിച്ചതാര് ?

(A) ഹെർമൻ ഗുണ്ടർട്ട് (B) ബെഞ്ചമിൻ ബെയ്‌ലി

(C) കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള (D) ആർണോസ് പാതിരി

54. "സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം, സ്നേഹത്താൽ വൃദ്ധി തേടുന്നു".. ഏത് കൃതിയിലെ വരികളാണിവ ?

(A) ചിന്താവിഷ്ടയായ സീത (B) നളിനി

(C) പ്രരോദനം (D) ചണ്ഡാല ഭിക്ഷുകി

55. പത്മനാഭ സ്വാമി ക്ഷേത്രത്തിൽ നിന്നു ലഭിച്ച താളിയോല ഗ്രന്ഥങ്ങൾ ഏതു പേരിലറിയപ്പെടുന്നു ?

(A) മതിലകം രേഖ (B) പാലിയം രേഖ

(C) വീര രാഘവ പട്ടയം (D) ജൂത ശാസനം

56. തിരുവിതാംകൂറിൽ നിലവിലിരുന്ന ദേവദാസി സമ്പ്രദായം നിർത്തലാക്കിയതാര് ?

(A) ഗൗരി ലക്ഷ്മി ഭായ് (B) പാർവ്വതി ഭായ്

(C) സേതു ലക്ഷ്മി ഭായ് (D) ഉമ്മിണിത്തമ്പി

57. 'കല്ലുമാല' സമരത്തിന്റെ നേതാവ് ആരായിരുന്നു ?

(A) കെ.പി.കുമാരൻ (B) അയ്യങ്കാളി

(C) സഹോദരൻ അയ്യപ്പൻ (D) ഡോ. പൽപു

58. മലയാളത്തിലെ ആദ്യ നിശ്ശബ്ദ ചലച്ചിത്രം :

(A) വിഗതകുമാരൻ (B) മാർത്താണ്ഡ വർമ്മ

(C) ബാലൻ (D) കണ്ടംവച്ച കോട്ട്

59. കേരള സംസ്ഥാന കോൺഗ്രസ് സമ്മേളനം 1921 -ൽ ആദ്യമായി നടന്നത് എവിടെയാണ് ?

(A) ചിറ്റൂർ (B) മണ്ണാർക്കാട് (C) ഒറ്റപ്പാലം (D) പാലക്കാട്



www.pscnet.in fb.com/pscnet.in

60. പാർലമെന്റ് അംഗമായ ആദ്യ മലയാളി വനിത :

(A) കുട്ടിമാളു അമ്മ (B) കെ.ആർ. ഗൗരിയമ്മ

(C) ഡോ. മേരി പുന്നൻ ലൂക്കോസ് (D) ആനി മസ്ക്രീൻ

61. വൈദ്യുതിയുടെ പിതാവ് എന്നറിയപ്പെടുന്ന ശാസ്ത്രജ്ഞൻ :

(A) ആമ്പിയർ (B) ഈഴ്സ്റ്റഡ്

(C) ആൽബർട്ട് ഐൻസ്റ്റീൻ (D) മൈക്കൾ ഫാരഡെ

62. ഇലക്ട്രോണിക്സിലെ അദ്ഭുത ശിശു എന്നറിയപ്പെടുന്നത് :

(A) ഡയോഡ് (B) ട്രാൻസിസ്റ്റർ (C) റെസിസ്റ്റർ (D) ഇൻഡക്റ്റർ

63. താഴെ പറയുന്നവയിൽ ഫോസിൽ ഇന്ധനമല്ലാത്തത് ഏത് ?

(A) വിറക് (B) കൽക്കരി (C) എൽ.പി.ജി (D) പെട്രോൾ

64. പ്രകാശം ഏറ്റവും കൂടുതൽ വേഗതയിൽ സഞ്ചരിക്കുന്നത് __________ -ൽ ആണ്.

(A) ജലം (B) ഗ്ലാസ് (C) വായു (D) ശൂന്യത

65. ശബ്ദമുപയോഗിച്ച് ദൂരമളക്കുന്ന ഉപകരണം :

(A) സോണാർ (B) റഡാർ (C) എക്കോസൗണ്ടർ (D) സോണോമീറ്റർ

66. പ്രഷർകുക്കറിൽ ജലം തിളയ്ക്കുന്ന താപനില :

(A) 110°C (B) 120°C (C) 100°C (D) 80°C

67. മണ്ണെണ്ണയിൽ സൂക്ഷിച്ചുവെയ്ക്കുന്ന ലോഹമേത് ?

(A) കാൽസ്യം (B) ലിഥിയം (C) മഗ്നീഷ്യം (D) സോഡിയം

68. രാസവസ്തുക്കളുടെ രാജാവ് എന്നറിയപ്പെടുന്നത് ?

(A) നൈട്രിക് ആസിഡ് (B) ഹൈഡ്രോക്ലോറിക് ആസിഡ്

(C) സൾഫ്യൂരിക് ആസിഡ് (D) അസറ്റിക് ആസിഡ്

69. ഭൂമിയുടെ ഉപരിതലത്തിൽ ഏറ്റവും കൂടുതൽ അളവിൽ കാണുന്ന മൂലകം :
(A) ഇരുമ്പ് (B) ഓക്സിജൻ
(C) സിലിക്കൺ (D) അലുമിനിയം

70. വസ്തുക്കളുടെ അപൂർണ്ണ ജ്വലനം മൂലമുണ്ടാകുന്ന വാതകം :
(A) കാർബൺ മോണോക്സൈഡ് (B) കാർബൺ ഡയോക്സൈഡ്
(C) നൈട്രിക് ഓക്സൈഡ് (D) നൈട്രജൻ

71. ദ്രാവകാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന മൂലകം :
(A) ക്ലോറിൻ (B) ബ്രോമിൻ (C) ഹൈഡ്രജൻ (D) പൊട്ടാസ്യം

72. ചിരിപ്പിക്കുന്ന വാതകമേത് ?
(A) നൈട്രിക് ഓക്സൈഡ് (B) നൈട്രസ് ഓക്സൈഡ്
(C) നൈട്രജൻ ഡയോക്സൈഡ് (D) ഇതൊന്നുമല്ല

73. ഓസോൺ പാളിയിൽ സുഷിരമുണ്ടാക്കുന്ന രാസവസ്തു :
(A) കാർബൺ ടെട്രാഫ്ളൂറൈഡ് (B) കാർബൺ ഡൈ സൾഫൈഡ്
(C) ക്ലോറോ ഫ്ളൂറോ കാർബൺ (D) കാർബൺ മോണോക്സൈഡ്

74. വംശ നാശഭീഷണി നേരിട്ടു കൊണ്ടിരിക്കുന്ന ജീവികളുടെ പട്ടിക :
(A) റെഡ് ഡാറ്റാ ബുക്ക് (B) ഗ്രീൻ ഡാറ്റാ ബുക്ക്
(C) ബ്ലൂ ഡാറ്റാ ബുക്ക് (D) യെല്ലോ ഡാറ്റാ ബുക്ക്

75. ജീവകം ഡി -യുടെ കുറവുമൂലമുണ്ടാകുന്ന രോഗമാണ് :
(A) സ്കർവി (B) റിക്കറ്റ്സ് (C) നിശാന്ധത (D) ബെറിബെറി

76. ഇലകളിൽ മഞ്ഞനിറത്തിനു കാരണമായ വർണ്ണ വസ്തു :
(A) ഹരിതകം (B) കരോട്ടിൻ
(C) സാന്തോഫിൽ (D) ആന്തോസയാനിൻ

77. താഴെ പറയുന്നവയിൽ ഏതു ജീവിയിലാണ് അനിഷേക ജനനം (പാർത്തനോ ജനസിസ്) നടക്കുന്നത് ?
(A) ചിത്രശലഭം (B) തേനീച്ച (C) ചിലന്തി (D) പുൽച്ചാടി

78. സാർവ്വത്രിക ദാതാവ് എന്നറിയപ്പെടുന്ന രക്തഗ്രൂപ്പ് ?

(A) 'എ' ഗ്രൂപ്പ് (B) 'ബി' ഗ്രൂപ്പ് (C) 'എബി' ഗ്രൂപ്പ് (D) 'ഒ' ഗ്രൂപ്പ്

79. ഓങ്കോളജി എന്തിനെ കുറിച്ചുള്ള പഠനമാണ് ?

(A) കരൾ (B) പല്ല് (C) കാൻസർ (D) തലച്ചോറ്

80. ഇയാൻ വിൽമുട്ട് ബന്ധപ്പെട്ടിരിക്കുന്നത് :

(A) ഹൃദയ ശസ്ത്രക്രിയ (B) പ്രതിരോധ കുത്തിവെയ്പ്

(C) ക്ലോണിങ്ങ് (D) പ്രഥമ ശുശ്രൂഷ

81. ഒരു ലക്ഷത്തിൽ എത്ര ആയിരം ഉണ്ട് ?

(A) 1,000 (B) 10 (C) 100 (D) 10,000

82. ഒരു ചതുരത്തിന്റെ നീളവും വീതിയും 5 : 3 എന്ന അംശബന്ധത്തിലാണ്. നീളം 25 മീറ്ററായാൽ വീതി എത്ര മീറ്ററാണ് ?

(A) 20 (B) 15 (C) 10 (D) 30

83. $15.65 + 9.004 + 3.7 =$ __________.

(A) 14.269 (B) 26.35 (C) 28.004 (D) 28.354

84. 150 രൂപയ്ക്ക് ഒരു സാധനം വിറ്റപ്പോൾ 25% നഷ്ടം വന്നു. എങ്കിൽ സാധനത്തിന്റെ വാങ്ങിയ വില എത്ര ?

(A) 200 (B) 250 (C) 180 (D) 300

85. ചുവടെ തന്നിരിക്കുന്നതിൽ ഏത് വർഷത്തിലാണ് ഫെബ്രുവരി മാസത്തിന് 29 ദിവസങ്ങൾ വരുന്നത് ?

(A) 2013 (B) 2015 (C) 2014 (D) 2016

86. 0.008 -ന്റെ ഭിന്നരൂപം ഏത് ?

(A) $\frac{8}{10000}$ (B) $\frac{8}{100}$ (C) $\frac{8}{1000}$ (D) $\frac{8}{10}$

87. ഒരു ക്ലോക്കിൽ 9 മണി ആകുമ്പോൾ മണിക്കൂർ സൂചിയും മിനിറ്റ് സൂചിയും തമ്മിലുള്ള കോണളവ് എത്ര ഡിഗ്രിയാണ് ? (ഘടികാര ദിശയിൽ അളക്കണം)

(A) 90 (B) 80 (C) 60 (D) 50

88. $x-5=11$ ആയാൽ $x$ എത്ര ?

(A) 15 (B) 16 (C) 6 (D) 10

89. നാലക്കമുള്ള ഏറ്റവും വലിയ സംഖ്യയും ഏറ്റവും ചെറിയ സംഖ്യയും കൂട്ടിയാലെത്ര കിട്ടും ?

(A) 1099 (B) 9999 (C) 10999 (D) 9990

90. ഒരു ക്ലബ്ബിലെ 3 അംഗങ്ങളുടെ വയസ്സുകൾ 25, 31, 28 എന്നിവയാണ്. ശരാശരി വയസ്സെത്ര ?

(A) 28 (B) 30 (C) 31 (D) 25

91. രണ്ടു സംഖ്യകളുടെ ല.സാ.ഗു (ലഘുതമസാധാരണ ഗുണിതം) 320 -ഉം ഉ.സാ.ഘ (ഉത്തമ സാധാരണ ഘടകം) 32 -ഉം ആണ്. അവയിൽ ഒരു സംഖ്യ 64 ആയാൽ മറ്റേ സംഖ്യ ഏത് ?

(A) 150 (B) 160 (C) 140 (D) 130

92. ഒരു കമ്പിയിൽ നിന്ന് $2\frac{3}{4}$ മീറ്റർ നീളമുള്ള 5 കഷണങ്ങൾ മുറിച്ചെടുത്തു. $\frac{1}{4}$ മീറ്റർ മിച്ചം വന്നു. എങ്കിൽ കമ്പിക്ക് എത്ര മീറ്റർ നീളമുണ്ടായിരുന്നു ?

(A) 13 (B) 12 (C) 15 (D) 14

93. $\frac{1}{2}, \frac{1}{3}, \frac{1}{4}, \frac{1}{5}$ ഇവയിൽ വലുത് ഏത് ?

(A) $\frac{1}{2}$ (B) $\frac{1}{5}$ (C) $\frac{1}{3}$ (D) $\frac{1}{4}$

94. 12 ആളുകൾ 30 ദിവസം കൊണ്ട് ഒരു ജോലി തീർക്കുന്നു. ഇതേ ജോലി 18 ദിവസം കൊണ്ട് തീർക്കാൻ എത്ര ആളുകൾ വേണം ?

(A) 16 (B) 22 (C) 20 (D) 14

95. ഒരു സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം 13 മീറ്റർ ആയാൽ സമചതുരത്തിന്റെ ചുറ്റളവ് എത്ര മീറ്ററാണ് ?

(A) 42 (B) 169 (C) 32 (D) 52



www.pscnet.in fb.com/pscnet.in

96. 10,000 − 2999 = ________.
(A) 7000 (B) 7001 (C) 6999 (D) 7009

97. 15000 രൂപ 10% നിരക്കിൽ ഒരു വർഷത്തേക്ക് ബാങ്കിൽ നിക്ഷേപിക്കുന്നു. ഒരു വർഷത്തിനു ശേഷം ലഭിക്കുന്ന ആകെ തുക എത്ര ?
(A) 16500 (B) 15000 (C) 15500 (D) 16000

98. 7 മീറ്റർ തുണിയുടെ വില 294 രൂപ ആയാൽ 5 മീറ്റർ തുണിയുടെ വില എത്ര ?
(A) 252 (B) 200 (C) 210 (D) 242

99. 12, 19, 26 ............ എന്ന ശ്രേണിയിലെ അടുത്ത സംഖ്യ ഏത് ?
(A) 32 (B) 31 (C) 30 (D) 33

100. ഒരു കുപ്പിയിൽ നിറയെ എണ്ണ ഉള്ളപ്പോൾ എണ്ണയുടെ ഭാരം 240 ഗ്രാം ആണ്. അതിൽ നിന്നും $\frac{1}{6}$ ഭാഗം മാറ്റിയാൽ അതിന്റെ ഭാരം എത്ര ഗ്രാം ?
(A) 220 (B) 200 (C) 210 (D) 190

- o 0 o -